**പതിനൊന്നാം കേരളനിയമസഭ**

**ബുള്ളറ്റിൻ-ഭാഗം 2**

**2002 മാർച്ച്, 4**

നമ്പർ :147

കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ടിലെ താഴെപ്പറയുന്ന ശുപാർശകൾ 2002 മാർച്ച് 4-ന് സഭ അംഗീകരിച്ചു:-

'2002 മാർച്ച് 25,26 എന്നീ തീയതികളിൽ സഭ ചേരേണ്ടതില്ലെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2002 മാർച്ച് 14-ാം തീയതി വ്യാഴാഴ്ച ഉച്ചക്കുശേഷം 4 മണിമുതൽ 6 മണിവരെ സഭ സമ്മേളിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

2002 മാർച്ച് 4, 5, 6, 7, 8, 11, 13, 14, 15 എന്നീ തീയതികളിലെ ചോദ്യോത്തരസമയം സസ്പെന്റ് ചെയ്യണമെന്നും മേൽപ്പറഞ്ഞ തീയതികളിൽ മാർച്ച് 4-ാം തീയതിക്കുശേഷമുള്ള ദിവസങ്ങളിൽ രാവിലെ 9 മണിക്ക് സഭാസമ്മേളനം ആരംഭിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

ബഡ്ജറ്റിൻമേലുള്ള പൊതുചർച്ച മാർച്ച് 11, 13 എന്നീ തീയതിയിലും വോട്ട് ഓൺ അക്കൗണ്ട് ചർച്ചയും, വോട്ടെടുപ്പും മാർച്ച് 14-ാം തീയതിയിലും നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

മാർച്ച് 14-ാം തീയതി ഉച്ചക്കുശേഷം 4 മണിമുതൽ 6 മണിവരെയുള്ള കാര്യപരിപാടി താഴെപ്പറയുംപ്രകാരം ക്രമീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

| | |
|---|---|
| 1. 2001-2002 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഫൈനൽ സപ്ളിമെന്ററി ഗ്രാന്റിനെ സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും | ഉച്ചക്കുശേഷം 4 മണിമുതൽ 5 മണിവരെ |
| 2. 2002-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും | ഉച്ചക്കുശേഷം 5 മണി മുതൽ 6 മണിവരെ |

2002 മാർച്ച് 15-ാം തീയതി അനൗദ്യോഗികാംഗങ്ങളുടെ കാര്യത്തിനായി വിനിയോഗിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു'.

കെ.ആർ. ഉദയഭാനു

സെക്രട്ടറി.